**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4639.** **18.12.2014 ൽ മറുപടിയ്ക്ക്**

## പ്ലസ് ടൂ തുല്യതാ കോഴ്സുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ.പി.കെ..അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) തുടർ വിദ്യാഭ്യാസ പദ്ധതി പ്രകാരം പി.ഡി.സി പൂർത്തിയാകാത്തവരും പ്ലസ് ടൂ പൂർത്തിയാകാത്ത വരുമായ ഉയർന്ന പ്രായ പരിധിയുള്ളവർക്ക് പ്ലസ് ടൂ തുല്യതാ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) പ്ലസ് ടൂ തുല്യതാ കോഴ്സുകൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി പുരോഗമിച്ചു വരുന്നു. |
| (ബി) പ്രസ്തുത കോഴ്സിൽ ചേരുന്നതിനുള്ള പ്രായ പരിധിയും കോഴ്സിന്റെ കാലദൈർഘ്യവും ഫീസും സിലബസ്സും തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) ഉണ്ട്. പത്താംതരം തുല്യതാ കോഴ്സ് പഠിച്ച് പാസ്സായവർക്ക് പ്രായപരിധി നിശ്ചയിച്ചിട്ടില്ല. എന്നാൽ ഔപചാരിക എസ്.എസ്.എൽ.സി പാസ്സായവർക്കും, തോറ്റവർക്കും പി.ഡി.സി/പ്ലസ് ടൂ കോഴ്സ് പൂർത്തിയായവർക്കും ഇടയ്ക്ക് വച്ച് പഠനം നിർത്തേണ്ടിവന്നവർക്കും കോഴ്സ് ആരംഭിക്കുമ്പോൾ ജൂൺ 1 ന് 22 വയസ്സ് പൂർത്തിയായിരിക്കണം. കോഴ്സിന്റെ കാലാവധി 2 വർഷമാണ്. രജിസ്ട്രേഷൻ ഫീസ് 300/- രൂപയും കോഴ്സ് ഫീസ് ഒരു വർഷത്തേയ്ക്ക് 1950/- രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്. ഔപചാരിക വിദ്യാഭ്യാസത്തിലെ ഹയർ സെക്കൻഡറി കോഴ്സിന് സമാനമായ എല്ലാ വിഷയങ്ങളും ഉൾപ്പെടുത്തി ഹ്യൂമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളാണ് ഇപ്പോൾ ആരംഭിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | തുല്യതാ കോഴ്സുകൾ പാസ്സാകുന്നവർക്ക് ഉപരി പഠനത്തിനും പ്രൊമോഷനും റഗുലർ പ്ലസ്-ടുവിന് സമാനമായ എല്ലാതരം അംഗീകാരവും ഉണ്ടാകുമോ; | (സി) | .കോഴ്സ് ആരംഭിച്ച ശേഷം ഇത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ഡി) | എസ്.എസ്.എൽ.സി പാസായ നിശ്ചിത പ്രായപരിധിയുള്ളവർക്ക് ചുരുങ്ങിയ കാലയളവിൽ പ്രസ്തുത കോഴ്സ് പഠിച്ച് പാസ്സാകാൻ അവസരമൊരുക്കിയാൽ അന്യ സംസ്ഥാന കോഴ്സുകളുടെ തട്ടിപ്പിൽ നിന്നും മലയാളികളെ രക്ഷിക്കാൻ കഴിയുമോ; എങ്കിൽ ഇത്തരത്തിൽ കോഴ്സ് തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | എസ്.എസ്.എൽ.സി പാസായ നിശ്ചിത പ്രായപരിധിയുള്ളവർക്ക് ചുരുങ്ങിയ കാലയളവിൽ പ്രസ്തുത കോഴ്സ് പഠിച്ച് പാസ്സാകാൻ അവസരമുണ്ടാകുന്ന തരത്തിലാണ് കോഴ്സ് തുടങ്ങുവാൻ തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ